സദ്വാർത്ത

പുസ്തകപ്രേമികളുടെ പറുദീസ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

സർവകലാശാല ഗ്രന്ഥശാലയും മറ്റു ചില സ്വകാര്യ പുസ്തക ശേഖരങ്ങളും തലസ്ഥാന നഗരിയിലുണ്ടെങ്കിലും പുസ്തക പാരായണ പ്രിയന്മാർക്ക് ഏറ്റവും വലിയ അനുഗ്രഹമുണ്ടായത് 1964 ഏപ്രിൽ ഒന്നിനു ബ്രിട്ടീഷ് കൗൺസിൽ പുസ്തകശാല ഇവിടെ സ്ഥാപിച്ചതോടു കൂടിയാണ്. മിക്കവാറും എല്ലാ പ്രസാധകന്മാരുടേയും പുസ്തകങ്ങൾ വായിക്കാനുള്ള അവസരം അതോടുകൂടിയുണ്ടായി.





ബഹുജനമാധ്യമമെന്ന നിലയിൽ ആദ്യം രൂപംപ്രാപിച്ചതു പുസ്തകമാണ്. അച്ചടിയാരംഭിക്കുന്നതിന് എത്രയോമുമ്പു, കയ്യെഴുത്തിൻെറ കമനീയതയുമൊത്ത് അതിൻെറ സാന്നിദ്ധ്യം സമൂഹത്തിൽ പ്രത്യക്ഷമാകുകയുണ്ടായി. അന്നുമുതൽ പുസ്തകങ്ങൾ സംഭരിക്കാനും സമാദരവോടെയുപയോഗിക്കാനും പ്രഗൽഭന്മാർ ശ്രദ്ധിച്ചു. അങ്ങനെയാണു പ്രാചീനകാലത്തു പ്രസിദ്ധങ്ങളായ വിദ്യാസങ്കേതങ്ങൾ രൂപം കൊണ്ടത്.

ഏറ്റവും പ്രാചീനമായ 'ഗ്രന്ഥശേഖരം' സുമേറിയൻ സംസ്കാരം അത്യുച്ചനിലയിലെത്തിയ കാലത്തുള്ളതാണ്. ബി.സി. 3000 വർഷങ്ങൾക്കു മുമ്പ് ഹോമറിൻെറ 'ഇലിയഡ്' എന്ന ഇതിഹാസകൃതിക്കു 1500 വർഷം മുമ്പു രചിക്കപ്പെട്ടതെന്നംഗീകരിച്ചു വരുന്ന 'ഗിൽ ഗാമേഷ്' എന്ന ഇതിഹാസകൃതി അക്കാലത്തു രചിക്കപ്പെട്ടതാണ്. അസുരബാനിപാൽ രാജാവിൻെറ പ്രസിദ്ധമായ ഗ്രന്ഥശേഖരത്തിൽ നിന്നാണ് (King Ashurbanipal's library in Nineveh) അതു സമ്പാദിക്കാൻ സാധിച്ചത്.

പ്രാചീനകാലത്തെ മറ്റൊരു മഹത്തായ ഗ്രന്ഥാലയമാണു ടോളിമി രണ്ടാമൻേറയും പിൻതുടർച്ചക്കാരുടേയും മേൽനോട്ടത്തിൽ സ്ഥാപിതമായി പ്രശസ്തിനേടിയ അലക്സാൻഡ്രിയ ഗ്രന്ഥശാല (Alexandrian library). ഈ ഗ്രന്ഥശാലയിലെ പണ്ഡിതന്മാരുടെ ബൃഹത്തായ സംഭാവനയാണ്, ഹീബ്രുഭാഷയിൽ നിന്നു ഗ്രീക്കിലേക്കു വിവർത്തനം ചെയ്ത പഴയ നിയമം (Old Testament).

ഹർഷചക്രവർത്തിയുടെ കാലത്ത് എ.ഡി. ഏഴാംനൂറ്റാണ്ടിൽ ഭാരതം സന്ദർശിച്ച ചീന തീർഥാടകനായ ഹ്യൂവാൻ സാംഗ് (Yuan Chwang) നളന്ദ സർവകലാശാലയിലെ ഗ്രന്ഥശാലകളെക്കുറിച്ചു വാചാലമായി രേഖപ്പെടുത്തിയിട്ടുണ്ട്. സർവകലാശാലയിലുണ്ടായിരുന്ന 10,000 ത്തോളമുള്ള അധ്യാപക-ഗവേഷക-വിദ്യാർഥി വൃന്ദങ്ങൾക്ക് ഉപയോഗിക്കാൻ മൂന്നു മുഖ്യഗ്രന്ഥശാലകളാണ് അവിടെ ഉണ്ടായിരുന്നത്. രത്നസാഗരം, രത്നരഞ്ജക, രത്നോദധി.

ഭാരതത്തിൻെറ പലഭാഗങ്ങളിലും ഇത്തരത്തിലുള്ള ഗ്രന്ഥശേഖരങ്ങളുണ്ടായിരുന്നെന്നു ചരിത്രം പഠിച്ചിട്ടുള്ളവർക്ക് അറിയാം. പലതിനും പറ്റിയതുപോലെ ഇത്തരം കേന്ദ്രങ്ങൾക്കും ഉടവും, ഉലച്ചിലും, നാശവും പിൽക്കാലങ്ങളിലുണ്ടായി. ആധുനികകാലത്താണ് ഈ പ്രസ്ഥാനത്തിനു പിന്നീടു കുരുത്തുവളരാൻ അവസരം വന്നത്. ഇന്നു സാമാന്യം നല്ല ഗ്രന്ഥശാലകളില്ലാത്ത പട്ടണങ്ങൾ പ്രായേണ കുറവാണ്.

തിരുവനന്തപുരത്തുള്ള ഗ്രന്ഥശാലകളിൽ ഏറ്റവും പഴക്കവും പ്രാധാന്യവുമുള്ളത്, സംസ്ഥാന ഗ്രന്ഥശാലയായിട്ടംഗീകരിക്കപ്പെട്ടിട്ടുള്ള പബ്ലിക് ലൈബ്രറിയാണ്.

ഈ ഗ്രന്ഥശാലയിൽ അമൂല്യങ്ങളായ ഒട്ടുവളരെ ഗ്രന്ഥങ്ങളുടെ പ്രതികളുണ്ട്. പക്ഷേ വേണ്ട വിധത്തിൽ പ്രയോജനപ്പെടുന്ന വിധത്തിലല്ല ഇവ സംഭരിച്ചു സൂക്ഷിച്ചിരിക്കുന്നത്. ഭഗീരഥപ്രയത്നമുണ്ടായാൽപോലും പല പുസ്തകങ്ങളും കണ്ടെടുക്കാൻ കഴിഞ്ഞെന്നു വരികയില്ല.

സർവകലാശാല ഗ്രന്ഥശാലയും മറ്റുചില സ്വകാര്യപുസ്തകശേഖരങ്ങളും തലസ്ഥാനനഗരിയിലുണ്ട്. പുസ്തകപാരായണപ്രിയന്മാർക്ക്, ഓടിനടന്ന് ആവശ്യങ്ങൾ സാധിക്കാൻ, അതുകൊണ്ടു സാധിക്കും. ഇവർക്ക് ഏറ്റവും വലിയ ഒരനുഗ്രഹമുണ്ടായത്, 30 വർഷം മുമ്പ്, 1964 ഏപ്രിൽ ഒന്നിന്, ബ്രിട്ടീഷ് കൗൺസിൽ ഒരു പുസ്തകശാല ഇവിടെ സ്ഥാപിച്ചതോടു കൂടിയാണ്. മിക്കവാറും എല്ലാ പ്രസാധകന്മാരുടേയും പുസ്തകങ്ങൾ ഉപയോഗിക്കാനുള്ള അവസരം അതോടുകൂടിയുണ്ടായി. ബ്രിട്ടീഷ് കൗൺസിലിൻെറയും കേന്ദ്രസർക്കാരിൻെറയും സാംസ്കാരികവകുപ്പിൻേറയും സംയുക്തമായ ചുമതലയിൽ ഭാരതത്തിൽ നടത്തിവരുന്ന 13 ഗ്രന്ഥശാലകളിൽ ഒന്നാണിത്.

പുതിയ പുതിയ സാങ്കേതികവിദ്യകൾ സംവിധാനം ചെയ്യുന്ന നവംനവങ്ങളായ ബഹുജനമാധ്യമങ്ങൾ അഭിവൃദ്ധി പ്രാപിച്ചുതുടങ്ങുമ്പോഴെല്ലാം, പുസ്തകത്തിൻെറ മരണം അത്യാസന്നമായിരിക്കുന്നെന്നു വിളിച്ചുപറയുന്നവർ [അതോ വിളിച്ചുകൂവുന്നവരോ?] ഉണ്ടായിട്ടുണ്ട്! പത്രങ്ങൾ, ആനുകാലികങ്ങൾ, സിനിമ, റേഡിയോ, ടെലിവിഷൻ, കാസറ്റ്, തുടങ്ങിയ മാധ്യമങ്ങൾ മനുഷ്യർക്കു കിട്ടിയപ്പോഴൊക്കെ, ഈ പ്രവചനം [അതോ നിലവിളിയോ?] കേൾക്കുകയുണ്ടായി! എന്നാൽ മരിച്ചില്ലെന്നുമാത്രമല്ല, പുതിയ മാധ്യമങ്ങൾക്കെല്ലാം പുസ്തകങ്ങളോടുള്ള വിധേയത്വം ഏറുകയും ഉറയ്ക്കുകയുമാണുണ്ടായിട്ടുള്ളത്. പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, കാസറ്റ് തുടങ്ങിയവ വ്യാപാരവ്യവസായാടിസ്ഥാനത്തിൽ നടത്തുന്നവർ പലരും, അവരവരുടേതായ പുസ്തകപ്രസിദ്ധീകരണവിഭാഗം തുടങ്ങുകയും ചെയ്തിട്ടുണ്ട്! നവീനമാധ്യമ പ്രഭുക്കൾ പുസ്തകപ്രകാശനം അവരുടെ വ്യാപാര സംവിധാനത്തിൻെറ മുഖ്യഘടകമാക്കുകയുമുണ്ടായി! പുസ്തകം മരിക്കുമെന്ന മുറവിളി കാര്യമായിട്ടെടുക്കേണ്ടതില്ല. എഴുതാനും വായിക്കാനും എന്നുമാളുകളുണ്ടായിരിക്കും!

ഒരു കൃതി ചമയ്ക്കുമ്പോൾ അതിൻെറ ഭാവിയെക്കുറിച്ചു കർത്താവു ചിന്തിക്കാറേയില്ല. ടെക്സ്റ്റുബുക്ക് എഴുതുന്നവരല്ലാതെ മറ്റാരെങ്കിലും ഒരു ഉന്നംവച്ചുകൊണ്ട് ഒരു പുസ്തകവും തയാറാക്കാറില്ല. കാലത്തെ അതിജീവിച്ചു ക്ലാസിക്കുകളായിത്തീർന്നു മനുഷ്യരാശിയെ മൊത്തത്തിൽ നന്മയിലേക്കു നയിച്ചിട്ടുള്ള മഹൽകൃതികളുടെയെല്ലാം തുടക്കം എളിമയിലാണ്. അപ്രകാരമൊരു അംഗീകാരം തങ്ങളുടെ കൃതിക്കുണ്ടാകുമെന്ന് അതുചമച്ചവർ പ്രതീക്ഷിച്ചിട്ടേയില്ലായെന്നതാണു സത്യം.

പുസ്തകപ്രസാധനച്ചെലവ് അനുദിനം വർധിക്കുന്ന ഇക്കാലത്ത്, പുസ്തകങ്ങൾ വാങ്ങിസൂക്ഷിച്ചു വായിക്കുവാനുള്ള സാധ്യത കുറഞ്ഞുവരുന്നതിൽ വിസ്മയിക്കേണ്ടതില്ല. ഗ്രന്ഥശാലകൾ കൂടുതൽ സ്ഥാപിക്കുകയും അവ പ്രയോജനപ്പെടുത്തുന്നതിന് ആളുകൾക്കു പ്രയാസമില്ലാതാക്കുകയുമാണ് ഈ പ്രതിസന്ധിക്കുള്ള ഒരു പോംവഴി. പുസ്തകം നോക്കാനും, വായിക്കാനും, എടുക്കാനുംവേണ്ടി ചെല്ലുന്ന അംഗങ്ങളെ കാണുമ്പോൾ മുഖംവീർപ്പിക്കുന്നവരായിരിക്കരുത് അവിടെ 'സേവനം' നടത്തുന്നത്! ബൃഹത്തും മഹത്തുമായ ഗ്രന്ഥശേഖരമുള്ള ഗ്രന്ഥശാലകളിൽ പലയിടങ്ങളിലും ഇത്തരം 'പുസ്തകവിരോധി'കളെയാണു കൗണ്ടറിൽ കാണാൻ സാധിക്കുന്നത്.

അത്യന്താധുനികങ്ങളായ എല്ലാ സജ്ജീകരണങ്ങളുമുള്ള തിരുവനന്തപുരത്തെ ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറി ഇവിടെ സേവനമാതൃകയായി സ്ഥിതിചെയ്യുന്നു. നശിച്ചുപോയ സോവിയറ്റു യൂണിയൻെറ ചുമതലയിലുണ്ടായിരുന്ന ഗോർക്കി ഭവനിലും, അമേരിക്കൻ ഐക്യനാടു സർക്കാരിൻെറ ആഭിമുഖ്യത്തിലുണ്ടായിരുന്ന അമേരിക്കൻ ഗ്രന്ഥശാലയിലും, കൂടുതൽ പുസ്തകങ്ങളും വിഭവങ്ങളും, കണ്ടെത്താൻ തിരുവനന്തപുരം വാസികൾക്കു സൗകര്യമുണ്ടാക്കി. പക്ഷേ, ഇന്ന് അവരണ്ടും ഓർമ്മമാത്രമായി തീർന്നിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ബ്രിട്ടീഷ് ലൈബ്രറിയുടെ പ്രസക്തിയെത്രമാത്രമാണെന്ന് എടുത്തുപറയേണ്ടതില്ല. അത് ഉദ്ഘാടനം ചെയ്തയവസരത്തിൽ, അന്നത്തെ കേരളഗവർണർ പരേതനായ വി.വി. ഗിരി ആശംസിച്ചത്, പുസ്തകവായനക്കാർക്ക് ഈ സ്ഥാപനം ഒരസുലഭമായ അനുഗ്രഹമായിത്തീരട്ടെയെന്നായിരുന്നു. വിവിധ രംഗങ്ങളിലെ ഏറ്റവും നൂതനമായ വിജ്ഞാനവുമായി പരിചയപ്പെടണമെന്നാഗ്രഹിക്കുന്നവർക്ക് ഉതകുന്ന 26,000 പുസ്തകങ്ങളും 2,000 റഫറൻസ് ഗ്രന്ഥങ്ങളും ഇവിടെയുണ്ട്. ബ്രിട്ടനിൽ നിന്നുവരുന്ന പത്രങ്ങളും ആനുകാലികങ്ങളും കൂടാതെ പ്രസക്തവിഷയങ്ങളിലുള്ള വീഡിയോ കാസറ്റുകളും ലഭ്യമാണ്.

കഴിവും കാര്യശേഷിയും അർപ്പണബോധവുമുള്ള ഗ്രന്ഥശാലാശാസ്ത്ര പ്രവീണരായ, നാലുദ്യോഗസ്ഥന്മാരാണ് ലൈബ്രേറിയനായ ടി.കെ. സുബ്രഹ്മണ്യുടെ മേൽനോട്ടത്തിൽ അവിടെ സേവനത്തിലിരിക്കുന്നത്. ഈ മഹത്തായ സരസ്വതീ നിലയത്തെ പുസ്തകപ്രേമികളുടെ ഒരു പറുദീസയാക്കിത്തീർക്കാൻ, കഴിഞ്ഞ 30 വർഷത്തെ പ്രശംസനീയമായ സേവനംകൊണ്ട് അധികാരികൾക്കു കഴിഞ്ഞിട്ടുണ്ടെന്ന്, ഒരനുഭവസ്ഥനെന്ന നിലയിൽ എനിക്കുപറയാൻ ഒട്ടും മടിയില്ല.